Registered No. M-4485

Madras War Review { MALAYALAM 7-1-1944

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1944 ജനുവരി 7-ാംനു, വെള്ളിയാഴ്ച. [ലക്കം 18

## ശത്രു ബന്ധനത്തിനായ് തീർത്തോരു വലയമി-
## ന്നെത്രയും മുറുകുന്നി തന്ത്യവു മടുത്തിതെ



ശത്രുവിന്റെ പ്രഹരം തടുത്തുകൊണ്ടു് നില്ക്കുകയെന്നുള്ള നയം മാററി നാം ഇപ്പോൾ കയറിത്തല്ലുവാൻ തുടങ്ങിയിരിക്കുന്നു. നമ്മുടെ ശത്രുവിനെ ബന്ധനത്തിൽ പെടുത്തുമാറുള്ളതും നാം നാലുപുറവും കെട്ടിവരുന്നതുമായ മതിൽക്കെട്ടു് ക്രമേണ മുറുകിക്കൊണ്ടാണു് വരുന്നതു്. നമ്മുടെ സൈന്യശക്തികൾ പുതുതായ ആക്രമണങ്ങൾക്കു് ഒരുക്കംകൂട്ടിവരികയാണു്. ഈ ഒരുക്കങ്ങൾക്കു ശേഷം ആരംഭിക്കുന്ന ആക്രമണത്തിൽ ശത്രുവിന്റെ അധഃപതനം വരാതിരിക്കയില്ല.

ഐക്യകക്ഷി കോയ്മകൾ യുദ്ധത്തിന്റെ മറെറാരുവശവും കൂടി ചിന്തിച്ചുകൊണ്ടുവരുന്നു. ലോകം കഷ്ടപ്പെട്ടു് ക്ലേശിപ്പാനിടവരുത്തുന്ന രോഗങ്ങളും, ഭക്ഷണക്കുറവും, തൊഴിലില്ലായ്മയും, എന്നുവേണ്ട, മററനേകതരത്തിലുള്ള സാമ്പത്തികമായും സാമുദായികമായും ഉള്ള കഷ്ടപ്പാടുകളും അടിയന്തര നിവാരണമാർഗ്ഗങ്ങൾ ചിന്തിക്കാനവകാശപ്പെട്ട കാര്യങ്ങളാണെന്നു് അവർക്കു് നല്ല ബോദ്ധ്യമുണ്ടു്.

ഭാവിയിൽ അക്രമികളിൽനിന്നു് രക്ഷ നേടുവാനും, രാഷ്ട്രങ്ങൾക്കും വ്യക്തികൾക്കും ഒരുപോലെ അഭിവൃദ്ധി വർദ്ധിക്കുവാനുംവേണ്ടി യുദ്ധകാലത്തു് നമ്മുടെ ഇടയിൽ വന്നുചേർന്ന സഹകരണം സമാധാനകാലത്തും ഉണ്ടായിരിക്കണം.

—പ്രസിഡെണ്ടു് റൂസ്‌വെൽട്ടിന്റെ പുതുവർഷ സന്ദേശം

# വർത്തമാനച്ചുരുക്കം

അധികം താമസിയാതെ ഐക്യകക്ഷികളുടെ കടൽസൈന്യശക്തി മുഴുവൻ യൂറോപ്യൻ രംഗത്തിൽനിന്നു് പാസിഫിക്ക് രംഗത്തിലേക്കു തിരിക്കുമെന്നറിയുന്നു.

*　　　*　　　*

കഴിഞ്ഞ ഡിസെമ്പർ 30-ാം തിയ്യതി മുവ്വായിരത്തോളം ഐക്യകക്ഷി വിമാനങ്ങൾ ചെന്നു് ജർമ്മനിയുടെ തെക്കുപടിഞ്ഞാറൻ പ്രദേശമെല്ലാം ബോംബിട്ടു ഭസ്മമാക്കിയിരിക്കുന്നു.

*　　　*　　　*

പ്രസിഡണ്ടു് റൂസ്‌വെൽട്ടിന്നു് പനിയാണു്. ഒട്ടും അധികമില്ല. മി. ചർച്ചിലിന്നു് പനിയായിരുന്നതു് വളരെ ആശ്വാസമായി.

*　　　*　　　*

കൊല്ലം 1943-44 ൽ ഇന്ത്യയിൽ 76,075,000 ഏക്ര സ്ഥലത്തു് നെൽകൃഷിയുണ്ടെന്നാണു് അറിയുന്നതു്. ഇതു കഴിഞ്ഞ കൊല്ലത്തേക്കാൾ 6 ശതമാനം അധികമാകുന്നു.

*　　　*　　　*

ബങ്കാളിൽ ക്ഷാമനിവാരണാർത്ഥം സംസ്ഥാന ഗവർമ്മെണ്ടു പത്തു കോടി ഉറുപ്പിക ചെലവു ചെയ്തിരിക്കുന്നുവെന്നാണു് ഔദ്യോഗികമായ ഒരു വർത്തമാനം കൊണ്ടറിയുന്നതു്.

*　　　*　　　*

തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രരംഗത്തിൽ അമേരിക്കൻ സൈന്യങ്ങൾ കെയിപ്പ് ഗ്ലോസ്റ്റർ എന്ന ഒരു സ്ഥലവും, അവിടെ ജാപ്പാൻകാർക്കുള്ള വിമാനസങ്കേതവും പിടിച്ചിരിക്കുന്നു.

*　　　*　　　*

അമേരിക്കൻ ഗവർമ്മെണ്ടു് 1943 ൽ 8,800 ലക്ഷം ഡോളർ ചെലവു ചെയ്തിരിക്കുന്നു. ദിവസം ഒന്നിന്നു ഈ കണക്കുപ്രകാരം 241 ലക്ഷം ഡോളർ ചെലവായിട്ടുണ്ടു്. ഇതിൽ 225 ലക്ഷം പട്ടാളച്ചെലവുതന്നെയാകുന്നു.

*　　　*　　　*

1943ൽ ഐക്യകക്ഷികളുടെ വിമാനാക്രമണങ്ങളിൽനിന്നുണ്ടായ നഷ്ടങ്ങളേക്കാൾ അധികമായി ജർമ്മനിക്കനുഭവിക്കേണ്ടിവന്നതു് യൂബോട്ടുകളുടെ നാശമാണത്രെ. അടുത്തകാലങ്ങളിൽ യൂബോട്ടുകളെ വളരെ അകലെയായി കണ്ടുപിടിക്കേണ്ടതിന്നു ഹൈഡ്രോഫോൺ എന്നു പേരായി ഒരു യന്ത്രം ഐക്യകക്ഷികൾ കണ്ടുപിടിച്ചിട്ടുണ്ടു്.

*　　　*　　　*

വടക്കൻ ആഫ്രിക്കയിലെ യുദ്ധരംഗത്തിൽനിന്നു് കീർത്തി സമ്പാദിച്ച ഇന്ത്യൻ നാലാം ഡിവിഷ്യനെപോലെതന്നെ ഇപ്പോൾ ഇററലിയൻ രംഗത്തിൽ കീർത്തിക്കൊരുങ്ങിട്ടുള്ള മറെറാരു ഇന്ത്യൻ ഡിവിഷ്യനാണു് ഇന്ത്യൻ എട്ടാം ഡിവിഷ്യൻ എട്ടാം സൈന്യ രംഗത്തിൽ ഇപ്പോൾ ഈ ഡിവിഷ്യനാണു അതിഭയങ്കരമായ യുദ്ധം ജർമ്മൻ സൈന്യങ്ങളുടെ നേരെ ചെയ്യുന്നതത്രെ.

*　　　*　　　*

സേർ എഡ്‌വിൻ ലൂക്ക്യൻസ് മരിച്ചുവെന്നുള്ള സംഗതി ജനവരി 1-ാം തിയ്യതിയിലെ ഒരു വർത്തമാനംകൊണ്ടറിയുന്നു. ഇദ്ദേഹം അടുത്തകാലത്തെ ഒരു വിശ്വകർമ്മാവുതന്നെയായിരുന്നു. ഇന്ത്യയുടെ തലസ്ഥാന നഗരിയായ ന്യൂഡൽഹിയുടെ പ്ലാൻ ചെയ്യാറാക്കിയതു് ഇദ്ദേഹമാണു്. മരിക്കുന്ന സമയം ഇദ്ദേഹത്തിന്നു് 74 വയസ്സായിരിക്കുന്നു. ബ്രിട്ടനിലെ റോയൽ അക്കാഡമിയുടെ പ്രസിഡണ്ടുമായിരുന്നു.

*　　　*　　　*

വക്ഷ്പിറപ്പ് ബർലിൻ നഗരിയിൽ വളരെ കേമമായിയെന്നറിയുന്നു. ബ്രിട്ടീഷ് വിമാനങ്ങൾ അവിടെ ചെന്നു് ജനവരി 1-ാം തിയ്യതി അതിഗൌരവമായ ഒരു ബോംബാക്രമണം നടത്തീട്ടുണ്ടു്. യുദ്ധം തുടങ്ങിയതിന്നുശേഷം ഇതു് ബർലിൻ നഗരിയുടെ നേരെയുള്ള നൂറാമത്തെ ആക്രമണമാകുന്നു. 1943 നവെമ്പർ 18-ാം തിയ്യതി മുതല്ക്കു നിരന്തരമായിട്ടുള്ള ആക്രമണം ആരംഭിച്ചു. അന്നു മുതല്ക്കു 14,000 ടൺ ബോംബുകൾ ബർലിൻ നഗരിയുടെ മുകളിൽ വീണിരിക്കുന്നു.

*　　　*　　　*

മി. റിച്ചാർഡ് കേസിയെ ബങ്കാൾ ഗവർണ്ണരായി നിയമിച്ചിരിക്കുന്നു. ഇപ്പോൾ ബങ്കാളിൽ സേർ റൂതർഫോഡാണു് ഗവർണ്ണരുടെ ബദൽ നോക്കിവരുന്നതു്. മി. കേസിയുടെ നിയമനം ഇന്ത്യൻ ഭരണത്തിൽ ഒരു പുതിയ പദ്ധതിയെ ഉണ്ടാക്കിയിരിക്കുന്നു. ഇദ്ദേഹം ആസ്ത്രേലിയക്കാരനാണു്. ഇതേവരെ ഇന്ത്യയിൽ ഭരണാധികാരം കയ്യേററുവന്നിട്ടുള്ളവരെല്ലാം ബ്രിട്ടീഷുകാർ മാത്രമായിരുന്നു. മി. കേസി യുദ്ധം തുടങ്ങിയതിന്നുശേഷം, മിഡിൽ ഈസ്റ്റ് പ്രദേശത്തു ബ്രിട്ടീഷ് കേബിനററിന്റെ സഭാംഗസ്ഥാനം വഹിച്ചിരുന്നാളാണു് ബങ്കാളിൽ ഗവർണ്ണരായി വരുന്നവസരത്തിലും അദ്ദേഹത്തിന്നു യാതൊരു സ്ഥാനമാനങ്ങളും ആവശ്യമില്ലെന്നാണു് അദ്ദേഹം പറയുന്നതു്.

## ബ്രിട്ടീഷ്-ജർമ്മൻ യുദ്ധം


### 227-ാമത്തെ ആഴ്ച

### 1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ചു



# പ്രതിവാരചിന്തകൾ

റഷ്യൻ രംഗത്തിൽ യൂക്കറെണിയൻ ഖണ്ഡത്തിലുള്ള റഷ്യൻ സൈന്യം 1943 ഡിസെമ്പർ 31-ാം തിയ്യതി ജിത്തോമർ നഗരി ജർമ്മൻകാരുടെ പക്കൽ നിന്ന് മടങ്ങിയെടുത്തു. ഈ വിജയം റഷ്യൻ സൈന്യം ഡിസെമ്പർ 24-ാം തിയ്യതി ആരംഭിച്ച കയററത്തിൻെറ ഫലമാണ്. ഈ റഷ്യൻ വിജയത്തോടുകൂടി ജർമ്മൻ സൈന്യങ്ങൾ പോളണ്ടിൻെറയും ബാൾക്കൻ പ്രദേശത്തിൻെറയും അതൃത്തികളിലേക്ക് പരിഭ്രമിച്ചോടുവാൻ തുടങ്ങിയിരിക്കുന്നു. റഷ്യൻ സൈന്യം ഇപ്പോൾ നവൊഗോറോഡ്-വോളിൻസ്ക് ജങ്ക്ഷനിൽനിന്ന് 15 മയിൽ അടുത്തെത്തിയിരിക്കുന്നു. ഈ ജങ്ക്ഷൻ റഷ്യയുടെയും പോളണ്ടിൻെറയും അതൃത്തി പ്രദേശത്താണ്. ഇതുപോലെത്തന്നെ കൊറോസ്റ്റൻ നഗരിയുടെ പടിഞ്ഞാറുവശവും ജർമ്മൻ സൈന്യത്തിൻെറ അടിസ്ഥാനമെല്ലാം ഇളകിയിരിക്കുന്നു. ജിത്തൊമറും, കൊറോസ്റ്റനും റഷ്യൻ സൈന്യത്തിൻെറ വക്കൽനിന്ന് ഡിസെമ്പർ മാസം ആദ്യത്തിൽ ജർമ്മൻ സൈന്യം മടങ്ങിയെടുത്ത നഗരികളാകുന്നു. റഷ്യൻ രംഗത്തിൽ തെക്കെ ഖണ്ഡത്തിലും റഷ്യൻ സൈന്യത്തിന്ന് മുന്നോട്ടു അതിശീഘ്രഗതിയായിരിക്കുന്നു. ഒഡീസ്സാ—ക്രാക്കൊ—ബർലിൻ ട്രങ്ക് റെയിൽവെയിൻെറ എത്രയും അടുത്തെത്തിയിരിക്കുന്നു റഷ്യൻ സൈന്യ അണി. ഈ റെയിൽവെയാണ് തെക്കൻ ഖണ്ഡത്തിലുള്ള ജർമ്മൻ സൈന്യത്തിന്ന് യുദ്ധോപകരണങ്ങൾ എത്തിച്ചേരുവാനുള്ള പ്രധാന മാർഗ്ഗം. തെക്കൻ ഖണ്ഡത്തിലുള്ള ബർഡിച്ചെവ്, ബൈലായാ എന്നീ നഗരികൾ അടുത്ത് റഷ്യൻ സൈന്യം പിടിച്ചെടുക്കുമെന്നുള്ള സ്ഥിതിയിൽ അവിടങ്ങളിൽ യുദ്ധം നടക്കുന്നു. ചുരുക്കിപറയുന്നതായാൽ ഇക്കുറിയത്തെ വർഷക്കാല സമരം താരതമ്യേന റഷ്യക്ക് എത്രയോ നിസ്സാരമായിട്ടുള്ളതാണെന്ന് പറയാതെ കഴികയില്ല.



എം. സ്റ്റാലിൻ

## ഇററലി

ഇററലിയിൽ ജർമ്മൻ സൈന്യത്തിൻെറ പോരാട്ടം ശക്തികൂടിവരികയാണത്രെ. പെസ്കാര നഗരിക്ക് മുൻവശത്തായി മൂന്നു നാഴിക നീളത്തിൽ ഒരു രംഗം ജർമ്മൻ സൈന്യം ഇപ്പോൾ ചമച്ചിരിക്കുന്നു. ഇതിൻെറ ആവശ്യം റോമിലേക്കുള്ള റോഡും റെയിൽവെയും ഐക്യകക്ഷി സൈന്യങ്ങളുടെ കൈവശം പെട്ടുപോകരുതെന്നുവെച്ചാണ്. ബ്രിട്ടീഷ് എട്ടാം സൈന്യത്തിൻെറ പുരോഗതികൊണ്ടു റോമിലേക്കുള്ള ഈ വഴികൾ ഏററവും അപകടത്തിലാവുകയും ചെയ്യിരിക്കുന്നു. ഈ സൈന്യം ഇപ്പോൾ ഓർട്ടോണയിൽ നിന്ന് ഒരു മയിൽ വടക്കോട്ടു ചെന്നിരിക്കുന്നു. ജർമ്മൻ സൈന്യമാകട്ടെ, ഓർട്ടോണയിൽനിന്നു മൂന്നു മയിൽ വടക്കായും അണിനിരന്നിട്ടുണ്ട്. അഡ്രിയാട്ടിക്ക് കടലിൻെറ വക്കത്തുള്ള ഒരു പ്രധാന തുറമുഖമാകുന്നു പെസ്കാര. ഈ തുറമുഖം പിടിച്ചതിന്നുശേഷമെ റോമിലേക്കുള്ള ഗതിക്ക് തടസ്ഥം തീരുകയുള്ളൂ. ഇററാലിയൻ രംഗത്തിൽ യുദ്ധഗതിക്ക് കാലദേശാവസ്ഥകൾ കൊണ്ടു് കുറെ താമസം വന്നിട്ടുള്ളതിന്നു പുറമെ, ഇപ്പോൾ രണ്ടാം യുദ്ധരംഗം ചമക്കുന്ന പ്ലാനെ സംബന്ധിച്ച് സർവ്വ ഏർപ്പാടുകളും നടന്നുവരുന്നതിനാൽ ഇററാലിയൻ രംഗത്തിൻെറ കേളികേട്ട സൈന്യനേതാക്കന്മാരെല്ലാം പ്രസ്തുത രംഗത്തിലേക്കു പോയിരിക്കുന്നു. ജനറൽ ഐസ്‌നോവറും, ജനറൽ മണ്ട്ഗോമറിയും ഇപ്പോൾ ഇററാലിയൻ രംഗം വിട്ടു രണ്ടാം യുദ്ധരംഗത്തിലേക്കു പോയ്ക്കഴിഞ്ഞു. ജനറൽ ഐസ്‌നോവർ രണ്ടാം യുദ്ധരംഗത്തിൻെറ പൂർണ്ണ സൈന്യാധിപനാണ്; ജനറൽ മണ്ട്ഗോമറി രണ്ടാം യുദ്ധരംഗത്തിലേക്കുള്ള ബ്രിട്ടീഷ് സൈന്യത്തിൻെറ സൈന്യാധിപനുമാകുന്നു.

# 5,000 ക. ഇനാം

## ശത്രു ഏജൻറന്മാർ

1. ശത്രു ഏജൻറന്ന സംശയത്തിന്മേൽ ഒരാളെ ജീവനോടുകൂടി പൊതുജനങ്ങളിൽ ആരെങ്കിലും പിടിച്ചുകൊടുക്കുകയും പിന്നീടു ശത്രു ഏജൻറന്ന നിലയിൽ അയാളുടെ മേൽ കുററം സ്ഥാപിക്കുകയോ അല്ലെങ്കിൽ ശത്രുവിന്നു സഹായം നല്കുന്നതിൽ അയാൾ ഊർജ്ജിതമായി ഏർപ്പെട്ടിരിക്കുന്നുവെന്നു രാജ്യസംരക്ഷണാധികാരസ്ഥന്മാർക്കു ബോദ്ധ്യമാംവണ്ണം തെളിയിക്കുകയോ ചെയ്കയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ള ഏജൻറിനെ പിടിച്ചുകൊടുക്കുന്ന ഏതൊരാൾക്കും 5,000 ക. വരെ ഇന്ത്യാഗവർമ്മേണ്ടു ഇനാം കൊടുക്കുന്നതാണ്.

2. അങ്ങിനെയുള്ള ഏതൊരു ഏജൻറിനേയും പിടിക്കുന്നതിന്നു ഉപകരിക്കുന്ന പ്രയോജനകരമായ വിവരം പൊതുജനങ്ങളിൽ ആരെങ്കിലും നല്കുന്നപക്ഷം, അങ്ങിനെ വിവരം നല്കുന്ന ഏതൊരാൾക്കും 1,000 ക. വരെ ഇനാം കൊടുക്കുന്നതാണ്.

3. അത്തരം ഏജൻറുമാരെ പിടിച്ചുകൊടുക്കുകയും അത്തരക്കാരെ പിടിക്കുന്നതിൽ പ്രയോജനപ്പെടാനിടയുള്ള വിവരം ശേഖരിക്കുകയും ചെയ്യുന്നതു സംബന്ധിച്ചു, താഴെ പറയുന്ന തരത്തിലുള്ള വിവരം കഴിയുന്നത്ര വേഗത്തിൽ റിപ്പോർട്ടു ചെയ്യേണ്ടുന്ന ആവശ്യകതയിലേക്കു പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു:—

(I) കപ്പലുകളുടെ സംശയിക്കത്തക്ക നിലയിലുള്ള പോക്കുവരവിനെപ്പററി, പ്രത്യേകിച്ചു അവ കടൽതീരത്തിന്നു വളരെ അടുത്തുകൂടി പോകുമ്പോൾ അതിനെപ്പററി;

(II) ഇന്ത്യയുടെ കടൽത്തീരത്തിലൊ മററു വല്ല സ്ഥലത്തൊ ആയുധവും യൂനിഫോറവും ധരിച്ചായാലും അല്ലെങ്കിൽ മററു വിധത്തിലായാലും സംശയിക്കത്തക്കവിധത്തിൽ അന്യജനങ്ങൾ സംഘംചേർന്നു കാണുന്നതിനെപ്പററി;

(III) ഐക്യരാജ്യങ്ങളുടെതല്ലാത്ത വല്ല വിമാനവും കരക്കിറങ്ങുകയൊ കടന്നുപോകുകയൊ അല്ലെങ്കിൽ വിമാനത്തിൽനിന്നു പാരച്ചൂട്ടു വഴിയായി ആളുകൾ താഴോട്ടിറങ്ങുകയൊ എന്തെങ്കിലും സാധനങ്ങളെ താഴോട്ടിറക്കുകയൊ ചെയ്യുന്നതിനെപ്പററി;

(IV) ശത്രുവിൻെറ പ്രവർത്തനം കരവഴിക്കൊ, കടൽവഴിക്കൊ, ആകാശമാർഗ്ഗമായൊ സമീപസ്ഥലത്തു നടക്കുന്നുണ്ടെന്നു സൂചിപ്പിക്കുന്ന വല്ല സംഭവങ്ങളേയുംപററി.

4. ശത്രു ഏജൻറിനെ പിടിക്കുന്നതിന്നായി നല്കപ്പെടുന്ന വിവരം പ്രയോജനകരമായിരിക്കേണമെങ്കിൽ, ആ വിവരം കഴിയുന്നത്ര വേഗത്തിൽ അറിയിക്കണം.

5. ശത്രു ഏജൻറുമാരായ വല്ലവരേയും പിടിച്ചാൽ, കഴിയുന്നത്ര വേഗത്തിൽ അവരെ—

(I) നാട്ടുപുറങ്ങളിൽവെച്ചാണു പിടിച്ചതെങ്കിൽ—അംശം അധികാരിയുടേയൊ പോലീസ്സു ഉദ്യോഗസ്ഥൻെറയൊ അടുക്കലൊ,

(II) പട്ടണങ്ങളിൽവെച്ചാണു പിടിച്ചതെങ്കിൽ—ഏററവും അടുത്തുള്ള പോലീസ്സു ഉദ്യോഗസ്ഥൻെറ അടുക്കലൊ പോലീസ്സു സ്റ്റേഷനിലൊ,

ഏല്പിക്കുകയൊ, അല്ലെങ്കിൽ അങ്ങിനെയുള്ളവരെപ്പററിയുള്ള വല്ല വിവരവും മേല്പറഞ്ഞ ഉദ്യോഗസ്ഥന്മാരെയൊ പോലീസ്സ് സ്റ്റേഷനിലൊ അറിയിക്കുകയൊ വേണം. അംശം അധികാരിയും പോലീസ്സു ഉദ്യോഗസ്ഥന്മാരും ആ വിവരം തൽക്ഷണം പോലീസ്സു മേലധികാരസ്ഥന്നൊ ഏററവുമടുത്തുള്ള പട്ടാളമേലധികാരത്തിലേക്കൊ റിപ്പോർട്ടു ചെയ്കയും വേണം.

6. ഇനാമിന്നുള്ള അപേക്ഷകൾ, സംഭവം നടന്ന തിയ്യതിയും സമയവും, സാക്ഷികളുടെ പേരുകളും, മേൽവിലാസങ്ങളും, മൊഴികളും സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ കാണിച്ചു, തേച്ചു ചെയ്യുന്ന ആൾ എഴുത്തുമൂലം ഡിസ്ത്രിക്ടു മജിസ്ത്രേട്ടിന്നൊ ഡിസ്ത്രിക്ടിലെ കലക്ടർക്കൊ (നാട്ടുരാജ്യങ്ങളുടെ സംഗതിയിൽ, റെസിഡെണ്ടിന്നൊ പൊളിററിക്കൽ ഏജൻറിന്നൊ) അയക്കേണ്ടതാണ്.

7. പിടിച്ചുകൊടുക്കപ്പെട്ട ആളെ വിചാരണചെയ്തു കഴിഞ്ഞതിന്നുശേഷം കഴിയുന്നത്ര വേഗത്തിൽ സംബന്ധപ്പെട്ട ജില്ലയുടെ ചാർജ്ജുള്ള മജിസ്ത്രേട്ട്, വിചാരണ നടന്ന കോടതിയുടെ ശിപാർശികളനുസരിച്ചു, സാധാരണമായി ഇനാം കൊടുക്കുന്നതാണ്.

8. ഇനാം കൊടുക്കുന്നതു പട്ടാള അധികാരസ്ഥന്മാരുടേയും സിവിൽ അധികാരസ്ഥന്മാരുടേയും യുക്താനുസരണമായിരിക്കുന്നതും, ഇനാമിൻെറ സംഖ്യ ഓരോ വ്യക്തിയുടെയും സംഗതിയിൽ അയാൾ അറിയിച്ചുകൊടുക്കുന്ന വിവരം എത്രത്തോളം പ്രയോജനകരവും യഥാർത്ഥവുമാണെന്നതിനനുസരിച്ചു കണക്കാക്കുന്നതുമാണ്. ഏതെങ്കിലും ഒരാൾക്കു കൊടുക്കുന്ന ഇനാം 1-ാം പത്തിയിൽ പറഞ്ഞപ്രകാരം 5,000 ക. വരേയൊ അല്ലെങ്കിൽ 2-ാം പത്തിയിൽ പറഞ്ഞപ്രകാരം 1,000 ക. വരേയൊ ഉള്ള ഏതെങ്കിലും സംഖ്യ ആവാം.

9. ഇന്ത്യാഗവർമ്മേണ്ടിൻെറ മുന്നനുവാദത്തോടുകൂടി അപൂർവ്വം സംഗതികളിലൊഴികെ, കപ്പൽപടയിലും, കരസൈന്യത്തിലും, വ്യോമസൈന്യത്തിലുമുള്ള ഉദ്യോഗസ്ഥന്മാർക്കൊ ഗസററഡ് ഗവർമ്മേണ്ടു ഉദ്യോഗസ്ഥന്മാർക്കൊ ഇനാം കൊടുക്കുന്നതല്ല. എന്നാൽ സിവിൽ ഡിപ്പാർട്ടുമെണ്ടുകളിലുള്ള നോൺ ഗസററഡ് ഗവർമ്മേണ്ടു ഉദ്യോഗസ്ഥന്മാർ ഇനാമിന്നു അർഹരാണ്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, " VICTORY HOUSE ", MOUNT ROAD, MADRAS.